37. Shri Thyagarajan
38. Shri R. S. Unni
39. Shri K. C. Vamadevan
40. Shri S. Varadarajan Nair

NEUTRALS—Nil

Those for the Resolution	..	28
Those against the Resolution	..	40
Neutrals	..	Nil

The Resolution was declared lost.

മി. ചെയർമാൻ: റസല്യൂഷൻ രണ്ടും മൂന്നും ഏകദേശം ഒരേ കാര്യത്തെപ്പറ്റിയുള്ളതാണ്. അവതരിപ്പിക്കാൻ രണ്ടുപേർക്കും സമയം കൊടുത്തുകൊണ്ട് രണ്ടു പ്രമേയത്തിന്റെയും ചർച്ചയും ഭേദഗതിയും അവതരിപ്പിച്ച് രണ്ടും ഒന്നിച്ച് വോട്ടിനിടുന്നതിന് സഭാംഗങ്ങളുടെ അനുമതി ആരായുന്നു.

(സഭ അനുമതി നൽകി)

(ii) റബ്ബർ ഇറക്കുമതിക്ക് സബ്സിഡി കൊടുക്കുന്ന കേന്ദ്രതീരുമാനം റദ്ദാക്കൽ

ശ്രീ. ടി. കെ. അബ്ദു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കുന്ന, റബ്ബർ ഇറക്കുമതിക്ക് സബ്സിഡി നൽകുകയെന്ന കേന്ദ്രതീരുമാനം റദ്ദ് ചെയ്യണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെടുന്നു.''

സർ, കേരളത്തിലെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന മറ്റു അസംസ്കൃത സാധനങ്ങളെക്കാളും വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇൻഡ്യയിൽ ആവശ്യമുള്ള റബ്ബറിന്റെ എത്രാണ്ടു ഒരു നല്ല ശതമാനം നമ്മുടെ കേരളത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെ റബ്ബർ കൃഷിക്കാർ എന്നു പറയുമ്പോൾ അവർ വലിയ എസ്റ്റേറ്റുടമകളാണ് എന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല. അഞ്ചേക്കറും അഞ്ചേക്കറിൽ താഴെയുമുള്ള അനവധി റബ്ബർ കൃഷിക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. വൻകിടക്കാരായ എസ്റ്റേറ്റുടമകളും നമ്മുടെ രാജ്യത്ത് റബ്ബർ കൃഷിക്കാരായുണ്ട്. എന്നിരുന്നാൽത്തന്നെയും കൂടുതൽ കൃഷിക്കാർ സാധാരണ കൃഷി ചെയ്തു ജീവിക്കാൻ ആഗ്രഹിക്കുന്നവരും അതിനുവേണ്ടി കഷ്ടപ്പെട്ടു ബുദ്ധിമുട്ടി പ്രവർത്തിക്കുന്നവരുമാണ്. അതുപോലെതന്നെ അവരെ ആശ്രയിച്ച് ലക്ഷക്കണക്കിന് തൊഴിലാളികളും നിലനിന്നുപോരുന്നു. ആ ലക്ഷക്കണക്കിനുള്ള തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം റബ്ബർ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. എന്നാൽ നമ്മുടെ രാജ്യത്ത് ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന് വേണ്ടത്ര വില കിട്ടണമെന്ന് കാർഷിക പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ ആളുകളിൽനിന്നും രാജ്യത്തിന്റെ ദേശീയ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രശമിക്കുന്ന എല്ലാ രാഷ്ട്രീയപാർട്ടിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെൻറിൻെറമേൽ ഒട്ടേറെ സമ്മർദ്ദം ഇതിനുമുമ്പും ചെലുത്തിയിട്ടുണ്ട്. എത്രതന്നെ സമ്മർദ്ദം ചെലുത്തിയാലും കൃഷിക്കാർക്ക് നല്ല വില നൽകത്തക്ക രീതിയിലുള്ള ഒരു തീരുമാനം കേന്ദ്രഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഇതേവരെ ഉണ്ടായിട്ടില്ല. അതു ഇന്നു നിലവിലുള്ള ഗവൺമെൻറായിരുന്നാലും ഇന്നലെവരെ ഭരിച്ചിരുന്ന ഗവൺമെൻറായാലും റബ്ബർ കൃഷിക്കാർക്ക് അനുകൂലമായി വില കൂടത്തക്ക ഒരു തീരുമാനവും ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മാത്രമല്ല, റബ്ബർ ഇറക്കുമതിചെയ്യുന്നതിനെ പ്രോൽസാഹിപ്പിക്കുക എന്ന നിലപാടാണ് ജനതാ ഗവൺമെൻറായിരുന്നാലും മുമ്പുണ്ടായിരുന്ന കോൺഗ്രസിൻെറ ഗവൺമെൻറായാലും സ്വീകരിച്ചുപോന്നിട്ടുള്ളത്. ഇറക്കുമതി പൂർണ്ണമായും നിറുത്തണമെന്ന അഭിപ്രായവും നമ്മുടെ രാജ്യത്തുണ്ട്. ഈ പ്രമേയത്തിൽ ഇറക്കുമതിയെ പ്രോൽസാഹിപ്പിക്കുന്നതിന് സബ്സിഡി നൽകുന്നതിലുള്ള പ്രതിഷേധം ആണ് ഞാൻ രേഖപ്പെടുത്തുന്നത്. വളരെയധികം സബ്സിഡി കൊടുത്തു ഇറക്കുമതി ചെയ്യാൻ പ്രോൽസാഹിപ്പിക്കുന്ന ഗവൺമെൻറ് അതേസമയം നമ്മുടെ രാജ്യത്ത് റബ്ബർ ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടു സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഈ കാലഘട്ടത്തിൽ റബ്ബറിൻെറ ഉൽപ്പാദനച്ചെലവ് വളരെയേറെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് കൊടുക്കേണ്ടുന്ന കൂലിയിൽ വളരെ വർദ്ധനവ് ഉണ്ടാകുന്നു. മറ്റ് ആനുകൂല്യങ്ങൾ കൊടുക്കേണ്ടതായി വരുന്നു. റബ്ബർ ഉൽപ്പാദിപ്പിക്കണമെങ്കിൽ അതു ഷീറ്റുകളായി മാർക്കറ്റിലേക്ക് കയറ്റി അയക്കുന്നതിനാവശ്യമായ രാസവസ്തുക്കൾക്കും വില വർദ്ധിച്ചുവരുന്നു. തുരിശിൻെറ വില വർദ്ധിച്ചുവെന്നുവരും. കീടനാശിനികളുടെ വില വർദ്ധിച്ചുവെന്നുവരും. ഇങ്ങനെ ചെലവു വർദ്ധിച്ചുകൊണ്ടിരിക്കുന്നു. റബ്ബറിൻെറ വില താണുകൊണ്ടിരിക്കുന്നു. എന്നാൽ ചില സന്ദർഭത്തിൽ അൽപ്പം വില വർദ്ധിച്ചുകൊണ്ടിരിക്കും. കഴിഞ്ഞവർഷത്തെ കാലാവസ്ഥ പ്രതികൂലമായിരുന്നു. മഴ കൂടുതലായതുകൊണ്ട് റബ്ബർ കൂടുതലായി വെട്ടി ശേഖരിക്കുന്നതിനു കഴിഞ്ഞില്ല. ഈ സന്ദർഭത്തിൽ റബ്ബറിന് ക്ഷാമം ഉണ്ടെന്നു പറഞ്ഞുകൊണ്ട് ഇറക്കുമതി ചെയ്യുന്നതിന് വളരെയേറെ പ്രോൽസാഹനമാണ് ഗവൺമെൻറു ചെയ്തുകൊടുത്തിരിക്കുന്നത്. ക്ഷാമം ഉണ്ടാക്കുന്നതും ക്ഷാമം ഇല്ലാതാക്കുന്നതും ഇൻഡ്യയിൽ വ്യവസായങ്ങളുടെ കുത്തക ഏറ്റെടുത്തിട്ടുള്ള മുതലാളിമാരാണ്. അവരുടെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ള സ്ഥിരമായ നയമാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഈ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന് വില കിട്ടണമെന്നു പറയാനുള്ള അവകാശം പോലും നമ്മുടെ കൃഷിക്കാർക്കില്ല. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന അസംസ്കൃത സാധനങ്ങൾക്ക് വില നിശ്ചയിച്ചു കിട്ടണമെന്നു പറഞ്ഞാൽ അതിൻെറ വില കച്ചവട ലോബി നിശ്ചയിക്കുന്ന സമ്പ്രദായമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. ഇതു കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളെ സാമ്പത്തികമായി ബാധിക്കുന്ന ഒരു പ്രശ്നം ആയതുകൊണ്ടും കേരളത്തിൽ സാമ്പത്തികത്തകർച്ച ഉണ്ടാക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് നീക്കിക്കൊണ്ടുപോകുന്നു എന്നുള്ളതുകൊണ്ടും ഈ റബ്ബർ ഇറക്കുമതി നടത്തുന്നതിനു ഗവൺമെൻറ് നൽകുന്ന സബ്സിഡി ഇല്ലായ്മ ചെയ്തുകൊണ്ട്, ഇങ്ങനെ ഗവൺമെൻറ് മുതലാളിമാർക്കു അനുവദിച്ചുകൊടുക്കുന്ന സബ്സിഡി അതു നമ്മുടെ രാജ്യത്തെ കൃഷിക്കാർക്ക് കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നതിനും ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും തക്ക രീതിയിൽ ഉള്ള സൗകര്യങ്ങൾ ചെറുതും വലുതുമായ കൃഷിക്കാർക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്. അതു കേരളത്തിൻെറ താൽപ്പര്യങ്ങൾക്കു ഒഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൂടാൻ പാടില്ലാത്ത ഒന്നാണ് എന്നുള്ളതുകൊണ്ടാണ് സബ്സിഡി നൽകി ഈ ഇറക്കുമതിയെ പ്രോൽസാഹിപ്പിക്കുന്ന ഈ സമ്പ്രദായം പ്രതിഷേധാർഹമാണ്. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് എല്ലാ അംഗങ്ങളോടും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നത്.

(iii) റബ്ബർ ഇറക്കുമതി റദ്ദാക്കൽ

ഡോക്ടർ ജോർജ് മാത്യു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''തുടർച്ചയായി റബ്ബർ ഇറക്കുമതിചെയ്ത് റബ്ബർ കർഷകരെ ദ്രോഹിക്കുന്ന കേന്ദ്രഗവൺമെൻറിൻെറ നടപടിയിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും റബ്ബർ ഇറക്കുമതി ചെയ്യുന്ന നടപടി നിർത്തൽ ചെയ്യണം എന്ന് കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു''.

സർ, ശ്രീ. അബ്ദു ഇവിടെ അവതരിപ്പിച്ച പ്രമേയവും ഇതും ഏതാണ്ട് ഒരേ സ്വഭാവത്തിലുള്ളതാണ്. പക്ഷേ അദ്ദേഹത്തിൻെറ പ്രമേയത്തിൽ, ഇറക്കുമതിക്ക് സബ്സിഡി നൽകുന്നതിനെ മാത്രമാണ് എതിർക്കുന്നത്. റബ്ബർ കർഷകരെന്ന് പറയുമ്പോഴും ചിലർക്കൊരു ധാരണയുണ്ട് റബ്ബർ കർഷകരെന്ന് പറയുന്നവർ വൻകിട മുതലാളിമാരാണെന്ന്. വാസ്തവത്തിൽ കണക്കുകൾ നോക്കിയാൽ രണ്ട് ഹെക്ടറിൽത്താഴെ ഉള്ള റബ്ബർ കർഷകർ ഏതാണ്ട് 81 ശതമാനം വരും. അതുപോലെതന്നെ ലാർജ് പ്രൊവേഴ്സ്, ഏതാണ്ട് 20 ഹെക്ടറിൽ താഴെവരെ ഉള്ളവർ 600-ൽ താഴെ മാത്രമാണ്. അപ്പോൾ യഥാർത്ഥത്തിൽ റബ്ബർ കർഷകർ സാധാരണക്കാരാണ്. എന്നാൽ ഈ സാധാരണക്കാരായ കർഷകരെ സംബന്ധിച്ചിടത്തോളം ഒരു വസ്തുത കൂടിയുണ്ട്. ഭാരതത്തിലെ റബ്ബറിൻെറ 92 ശതമാനവും വരുന്നത് കേരളത്തിൽ നിന്നാണ്. അതായത് കേരളത്തിൻെറ സമ്പദ്വ്യവസ്ഥയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു നാണ്യവിളയാണ് റബ്ബർ. പക്ഷേ ദൗർഭാഗ്യവശാൽ ഭാരതം ഭരിക്കുന്ന ഗവൺമെൻറുകളൊക്കെ എപ്പോഴും കർഷകൻെറ വോട്ട് വാങ്ങിയിട്ട് അധികാരത്തിൽ കയറിയാൽപ്പോലും ഒരു വ്യവസായ ലോബിയാണ് ഈ രാജ്യം കഴിഞ്ഞ മുപ്പത്തിരണ്ടുവർഷക്കാലവും ഭരിച്ചിരുന്നത് എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ടാണ് സർ, റബ്ബറിൻെറ കാര്യത്തിലും ഏലത്തിൻെറ കാര്യത്തിലും ഇഞ്ചിയുടെ കാര്യത്തിലും കുരുമുളകിൻെറ കാര്യത്തിലും കാപ്പിയുടെ കാര്യത്തിലുമൊക്കെ കേന്ദ്രഗവൺമെൻറ് എടുത്തിട്ടുള്ള തെറ്റായ സമീപനത്തെപ്പറ്റി മുഖ്യമായി പറയാനാശിക്കുന്നത്. 80 ശതമാനം ജനങ്ങളും വസിക്കുന്ന ഗ്രാമങ്ങളിൽനിന്ന് പോകുന്ന വോട്ടുകൾ കേന്ദ്രത്തിൽ ചെല്ലുമ്പോൾ ചുരുങ്ങിച്ചുരുങ്ങി അഞ്ചോ, പത്തോ വ്യവസായികളുടെ നേതൃത്വത്തിലുള്ള എം. പി. മാർ ഭരണം നടത്തുന്ന ഈ ഭാരതത്തിൽ അത് വ്യവസായികൾക്കുവേണ്ടി ഒതുങ്ങുന്നു എന്നുള്ളതാണ് വസ്തുത. ഇതാണ് സർ, റബ്ബറിൻെറ കാര്യത്തിൽ നടന്നിട്ടുള്ളത്. ദീർഘമായി കണക്കുകളുദ്ധരിക്കാൻ ഞാനാശിക്കുന്നില്ല. ഇൻഡസ്ട്രിയൽ ഗ്രോത്ത് നോക്കിയാലറിയാം. 1975-76-ൽ ഇൻഡസ്ട്രിയൽ ഗ്രോത്ത് ഏതാണ്ട് 10 ശതമാനമാണ്. അത് 1976-77 ആയപ്പോൾ ചുരുങ്ങി 1.4 ആയി മാറി. 1977-78-ഉം, 1978-79-ഉം നോക്കിയാൽ വ്യാവസായികമായ ഗ്രോത്ത് ഈ പറഞ്ഞതുപോലെ ഇല്ല. 1979-ൽ വെറും 2 ശതമാനം മാത്രമാണ്. അതിൽത്തന്നെ ടയർ വ്യവസായത്തിൽ അല്ലെങ്കിൽ റബ്ബർ ഉൽപന്നങ്ങളുടെ കാര്യത്തിൽ വളർച്ച വളരെ കുറവാണ്. ഞാൻ ഈ ഫിഗേഴ്സ് പറയാൻ കാരണമുണ്ട്. വ്യവസായികൾക്ക് കൂടുതൽ റബ്ബർ വേണമെന്ന് വാദിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly